


# പെസഹാവ്യാഴം

റവ. ഫാ. ജയ്മോൻ മുളപ്പഞ്ചേരിൽ MCBS Vol. 10, Issue: 49

ഇന്ന് പെസഹാവ്യാഴം. കൊറോണയും കോവിഡും കൊട്ടിയടച്ച ദൈവാലയത്തിന്റെയും വിലക്കിയ വൈദികരുടെയും തടസ്സപ്പെടുത്തിയ വിശുദ്ധ കുർബാനയുടെയും മറ്റു പൗരോഹിത്യശുശ്രൂഷകളുടെയും ഓർമ്മകളോടെ ലോകമെമ്പാടുമുള്ള ക്രൈസ്തവർ വിശുദ്ധവാരത്തിലേയ്ക്കും അതിലെ ഏറ്റവും പ്രധാനപ്പെട്ട ദിവസങ്ങളിലേയ്ക്കും പ്രവേശിച്ചിരിക്കുന്നു. വി. കുർബാനയുടെയും പൗരോഹിത്യസംവിധാനങ്ങളുടെയും ഓർമ്മയാചരിക്കുന്ന പെസഹാവ്യാഴത്തിൽ വിശുദ്ധ കുർബാനയുടെ അടിസ്ഥാന വസ്തുതകളായ Communion - ഉം Community (Congregation) - ഉം Social Distancing - ലൂടെ നമുക്ക് അന്യമായിരിക്കുന്നു. വി. കുർബാനയർപ്പണത്തിനായി ഒത്തുചേരുന്നത് നമുക്കും നമ്മുടെ പ്രിയപ്പെട്ടവർക്കും അപായഹേതുവായിരിക്കുന്നു. വിശുദ്ധ കുർബാന സ്വീകരിക്കൽ അപകടസാധ്യത നിറഞ്ഞതായിരിക്കുന്നു. കുരിശിൽ കിടന്നു പ്രാർത്ഥിച്ച ക്രൂശിതന്റെ പ്രാർത്ഥന അറിഞ്ഞും അറിയാതെയും നാമും എത്രവട്ടം ഉരുവിട്ടിരിക്കണം.. “എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട്?” കടന്നുപോകലിന്റെ കൂടി ഓർമ്മയാചരിക്കുന്ന ഇന്നേ ദിവസം, കഷ്ടപ്പാടുകളും അസ്വസ്ഥതകളും വേദനയും പരിഭ്രാന്തിയും നിറഞ്ഞ ഈ ദിനങ്ങളും കടന്നുപോകുമെന്ന് ആഴത്തിൽ വിശ്വസിക്കുകയും പ്രതീക്ഷ കൈവിടാതെ പ്രാർത്ഥിക്കുകയും ചെയ്യാം.

പുരാതനവും നവീനവുമായ വിശ്വസാഹിത്യം പരിശോധിച്ചാൽ മനുഷ്യമനസ്സുകളെ അഗാധമായി സ്പർശച്ചിട്ടുള്ള നിരവധി പ്രണയകഥകൾ നമുക്ക് കണ്ടെത്തുവാൻ കഴിയും. കാസാബ്ലാങ്കാ (Casa Blanca), പ്രൈഡ് ആന്റ് പ്രെജുഡിസ് (Pride & Prejudice), റോമിയോ ആന്റ് ജൂലിയറ്റ് (Romeo & Juliet), ടൈറ്റാനിക് (Titanic) തുടങ്ങിയവ ഉദാഹരണങ്ങളാണ്. ഈ സാഹിത്യസൃഷ്ടികളൊക്കെയും പച്ചകെടാതെ ഓർമ്മകളിൽ ശക്തമായും മഹത്തരമായും നിലനിൽക്കാനുള്ള കാരണം, പ്രിയപ്പെട്ടവനു വേണ്ടിയോ പ്രിയപ്പെട്ടവൾക്കു വേണ്ടിയോ പങ്കാളി ഏറ്റെടുക്കുന്ന തീവ്രമായ ത്യാഗങ്ങളുടെ കഥയായതുകൊണ്ടാണ്. ചിലപ്പോൾ അവർ വിജയകരമായി പ്രതിസന്ധികളെ തരണം ചെയ്യുന്നു. കഥ ശുഭപര്യവസാനിയായിത്തീരുന്നു. മറ്റു പലപ്പോഴും അവർക്കതിനു സാധിക്കാതെ വരുന്നു. കഥ ദുരന്തപര്യവസാനിയായിത്തീരുന്നു. എന്നിരുന്നാലും അവയെല്ലാം തന്നെ വായനക്കാരുടെ ഓർമ്മകളിലും ഹൃദയങ്ങളിലും മഹത്തരമായ കൃതികളായി ഇന്നും നിലനിൽക്കുന്നു.

ഈ ലോകത്ത് പറയപ്പെട്ടിട്ടുള്ളവയിൽ വച്ച് ഏറ്റവും മഹത്തരമായ കൃതികളുടെ ശേഖരമായി വിശുദ്ധ ഗ്രന്ഥത്തെ വിശേഷിപ്പിക്കാറുണ്ട്. അങ്ങനെയെങ്കിൽ, ഈശോയുടെ പെസഹാ, പീഢാനുഭവം, മരണം, ഉത്ഥാനം എന്നീ ക്രിസ്തുസംഭവങ്ങളെ വളരെ ബൃഹത്തായ ഒരു പ്രണയകഥയോട് ഉപമിക്കുന്നതിൽ തെറ്റില്ല. ഇതിന് ഏതാനും കാരണങ്ങൾ കണ്ടെത്താനാകും. ഒന്നാമതായി, ഇതൊരു യഥാർത്ഥ സംഭവമാണ്; ചരിത്രസത്യമാണ് എന്നുള്ളതാണ്. ഷേക്സ്പിയറിന്റെയോ ടോൾസ്റ്റോയിയുടെയോ അതുപോലെയുള്ള ആധുനിക സാഹിത്യകാരന്മാരുടെയോ ഭാവനയിൽ വിരിഞ്ഞ, യാഥാർത്ഥ്യത്തോട് സാമ്യമുള്ള ഒരു അമൂല്യമായ കൃതിയല്ലിത്. മറിച്ച്, ഇതൊരു true story ആണ്. രണ്ടാമതായി, ഇതിനെ തീവ്രവും തീക്ഷ്ണവുമാക്കുന്നത് സ്നേഹത്തിലുള്ള വെല്ലുവിളിയെ (Challenge of Love)/ പ്രതിബന്ധങ്ങളെ ഈശോ തരണം ചെയ്യുന്ന അതിവിശിഷ്ടവും അസാധാരണവുമായ രീതിയാണ്. ഇതിനെ കുറച്ചുകൂടി ധ്യാനിക്കാം. എല്ലാ സ്നേഹത്തിലും വെല്ലുവിളികളും പ്രതിബന്ധങ്ങളുമുണ്ട്. എന്നാൽ, എല്ലാ സ്നേഹവും അതിനെ വിജ

യകരമായി/ ശുഭപര്യവസാനിയായി തരണം ചെയ്യുന്നില്ല. പരസ്പരം സ്നേഹിക്കുന്നവർ നേരിടുന്ന ഒരു വലിയ വെല്ലുവിളിയാണ് വേർപിരിയൽ. ടൈറ്റാനിക്കിലെ ജാക്കിനെയും റോസിനെയും ഓർമ്മിക്കാം. വെറും ഓർമ്മകൾ മാത്രം ബാക്കിയാക്കി ജാക്ക് മറയുന്നു.

ഈശോയുടെ ജീവിതത്തിലും ഇത് വലിയൊരു വെല്ലുവിളിയായിരുന്നു; പ്രതിബന്ധമായിരുന്നു. ''അവന്റെ സമയം അടുത്തിരുന്നു എന്ന് അവൻ അറിഞ്ഞിരുന്നു. തനിക്ക് സ്വന്തമായവരെ അവൻ സ്നേഹിച്ചു. അവസാനം വരെ സ്നേഹിച്ചു'' (യോഹ. 13:1). ഒരുപക്ഷേ, ഈശോയ്ക്ക് ഈ ലോകത്തിൽ തുടരണമെന്നുണ്ടായിരുന്നിരിക്കാം. പക്ഷേ, അവൻ പോകേണ്ടിയിരുന്നു. അതായിരുന്നു പിതാവിന്റെ ഇഷ്ടം (യോഹ. 15:10). രണ്ട് ഇഷ്ടങ്ങൾ തമ്മിലുള്ള കണ്ടുമുട്ടൽ. ഇവിടെ, ഈശോ കണ്ടെത്തുന്ന അനുപമമായ പ്രതിവിധിയാണ് വി. കുർബാനയിലെ യഥാർത്ഥ സാന്നിധ്യം. ദിവ്യകാരുണ്യത്തിലുള്ള ഈശോയുടെ സാന്നിധ്യം യാഥാർത്ഥ്യവും സത്യവുമാണ്. ഈശോ ഈ ലോകത്തിൽ നിന്നുപോയി. എന്നാൽ, തന്റെ യഥാർത്ഥ സാന്നിധ്യം ദിവ്യകാരുണ്യത്തിലൂടെ അവൻ നിലനിർത്തി. മനുഷ്യനേത്രങ്ങൾക്ക് കാണാമായിരുന്ന ഈശോ എന്ന ചരിത്ര വ്യക്തി ഈ ലോകത്തിൽ നിന്നും അപ്രത്യക്ഷനായിരിക്കുന്നു. എന്നാൽ, വിശ്വാസത്തിന്റെ നേത്രങ്ങൾക്ക് സദാ സാന്നിധ്യമാകുന്ന ഈശോ ദിവ്യകാരുണ്യത്തിൽ വ്യക്തമാകുന്നു.

സ്നേഹിക്കുന്നവർ അഭിമുഖീകരിക്കുന്ന മറ്റൊരു വെല്ലുവിളിയാണ് പ്രിയപ്പെട്ടവർക്കുവേണ്ടി സർവ്വവും സമർപ്പിക്കുന്നത്. കൊടുക്കാൻ ഇനി ബാക്കിയൊന്നും ഇല്ലാത്തിടത്തോളം സ്വന്തം പ്രാണൻ പോലും കൊടുക്കുന്ന സ്നേഹം. ഇതിനുമൊരു പരിധിയുണ്ട്. സ്നേഹിതർക്കുവേണ്ടി ആയിരം പ്രാവശ്യം മരിക്കാൻ തയ്യാറാണെങ്കിലും അത് അസാധ്യമാണ്. എന്നാൽ, ഈ പ്രതിബന്ധവും ഈശോ വിജയകരമായി തരണം ചെയ്യുന്നു. ജെസ്യൂട്ട് തിയോളജിയനായ ഫാ. വാൾട്ടർ ബുൾഗാർട്ട് പറയുന്നതുപോലെ, ''ഒരു ആയിരം പ്രാവശ്യം ഈശോയും സ്നേഹിതർക്കുവേണ്ടി മരിച്ചേനെ. പക്ഷേ, സ്നേഹത്തിന് ദിവസവും മരിക്കാൻ പറ്റില്ലല്ലോ. ആയിരം തവണ എങ്ങനെ സാധിക്കും; ഒരിക്കലല്ലേ സാധ്യമാവൂ.'' അദ്ദേഹം തന്നെ ഇതിനുള്ള മറുപടിയും നൽകുന്നുണ്ട്. ഈ പ്രതിസന്ധിയെയും മറികടക്കാൻ ഈശോ കണ്ടെത്തിയ പരിഹാരമാണ് തന്റെ ബലിയും അതിന്റെ ഓർമ്മയാചരിക്കലായ വി. കുർബാനയുടെ സ്ഥാപനവും. ഈശോ വീണ്ടുംവീണ്ടും മരിക്കുന്നു എന്നല്ല. മറിച്ച്, ഓരോ മണിക്കൂറിലും ലോകം മുഴുവൻ അർപ്പിക്കപ്പെടുന്ന ബലികളിൽ സന്നിഹിതനാകുന്ന ഈശോ ഒരാൾ തന്നെയാണ്. അന്ത്യത്താഴവേളയിൽ ഈശോ നൽകിയ സ്നേഹത്തിന്റെ കൽപന അടിസ്ഥാനമാക്കി അൾത്താരകളിൽ അർപ്പിക്കപ്പെടുന്ന ബലികളിൽ യാഥാർത്ഥ്യമാകുന്ന ഈശോയുടെ ജീവിക്കുന്ന സാന്നിധ്യം ഓരോ തവണയും ആവർത്തിക്കപ്പെടുന്നു.

സ്നേഹിതർ നേരിടുന്ന മറ്റൊരു വെല്ലുവിളിയുണ്ട്. അത് ഒന്നാകാനും ഒന്നിച്ചായിരിക്കാനുമുള്ള (Union) പരിശ്രമത്തിൽ നേരിടുന്ന പ്രതിബന്ധമാണ്. പക്ഷേ, പൂർണ്ണമായ, അനശ്വരമായ, ഒരിക്കലും പിരിയാത്ത ഐക്യം ഈ ഭൂമിയിൽ സാധ്യമല്ലല്ലോ. അത് സ്വർഗത്തിലാണ്. എന്നാൽ, ഈശോ അതിവിശിഷ്ടമായ രീതിയിൽ അതിന്റെ മുന്നാസ്വാദനം ഈ ലോകത്തിലൊരുക്കുന്നു; അതാണ് വിശുദ്ധ കുർബാനയിലുള്ള ഐക്യം (Communion) വിശുദ്ധ കുർബാനയാകുന്ന ആത്മാർത്ഥമായ അർപ്പണത്തിലൂടെയും ഭക്തിയോടെയുള്ള പങ്കുചേരലിലൂടെയും ദിവ്യകാരുണ്യ സ്വീകരണത്തിലൂടെയും ഈശോയുമായുള്ള പൂർണ്ണമായ ഐക്യം നാം സ്വന്തമാക്കുന്നു.

വി. കുർബാനയിലൂടെ നോക്കുമ്പോൾ മദർ തെരേസയുടെ വാക്കുകൾ നമ്മുടെ കാതുകളിലും വന്നു പതിക്കട്ടെ. ''ക്രൂശിതനിലേയ്ക്കു നോക്കുമ്പോൾ ക്രിസ്തു ഇന്ന് നമ്മെ എത്രയധികം സ്നേഹിച്ചിരുന്നുവെന്ന് നം മനസ്സിലാക്കുന്നു; ദിവ്യകാരുണ്യത്തിലേയ്ക്കു നോക്കുമ്പോൾ ക്രിസ്തു ഇന്ന് നമ്മെ എത്രമാത്രം സ്നേഹിക്കുന്നുവെന്നും.'' വി. ജോൺപോൾ രണ്ടാമൻ മാർപാപ്പയും ഇതു തന്നെ അനുസ്മരിപ്പിക്കുന്നുണ്ട്: ''കാലുകഴുകലും വിശുദ്ധ ബലിയും യേശു, ശിഷ്യർക്ക് പങ്കുവച്ചു നൽകുന്ന ഒരേ സ്നേഹത്തിന്റെ രണ്ടു വ്യത്യസ്തങ്ങളായ പ്രതീകങ്ങളാണ്.''

നാം ആചരിക്കുന്ന ഈ മിശിഹാസംഭവങ്ങൾ മഹത്തരമായ പ്രണയകൃതിയായിത്തീരുന്നതിനുള്ള മൂന്നാമത്തെ കാരണത്തെക്കുറിച്ച് നമുക്ക് ധ്യാനിക്കാം. അതിന്റെ കാരണം, ഈ മിശിഹാസംഭവകഥയിൽ നാമോരോരുത്തരും അഗാധമായി ഇഴുകിച്ചേർന്നിരിക്കുന്നു എന്ന വസ്തുതയാണ്. കാരണം, ഇത് വേറെ ആരുടെയോ കഥയല്ല; നാമോരോരുത്തരുടെയുമാണ്. സ്നേഹത്തിലെ വലിയ വെല്ലുവിളികളെ (Challenge of Love) അതിജീവിച്ച, യഥാർത്ഥവും തുടർന്നുകൊണ്ടിരിക്കുന്നതുമായ പ്രണയകഥയിലെ ഈശോയുടെ പ്രിയപ്പെട്ടവർ നാമോരോരുത്തരുമാണ്. നമുക്കുവേണ്ടിയാണ് ഈശോ ഇതെല്ലാം നിറവേറ്റിയത്.

ലോകചരിത്രത്തിൽ മറവിയുടെ മങ്ങലേൽക്കാത്ത ഒരുപിടി പ്രണയകഥകൾ നമുക്ക് ഓർമ്മിച്ചെടുക്കാൻ കഴിയും. എന്നാൽ, നാമോരോരുത്തരും ജീവിക്കുന്ന കഥാപാത്രങ്ങളാകുന്ന ദൈവത്തിന്റെ പ്രണയകഥയുമായി താരതമ്യം ചെയ്യുമ്പോൾ അവയെല്ലാം ഈ യഥാർത്ഥ പ്രണയകഥയോടു സാമ്യമുള്ള വെറും നിഴലുകൾ മാത്രമാണെന്നു തിരിച്ചറിയാൻ നമുക്ക് സാധിക്കും. വിശ്വാസത്തിന്റെ കണ്ണുകളോടും ഹൃദയത്തോടും കൂടി വായിക്കാനും അനുഭവിക്കാനും കഴിഞ്ഞാൽ! വി. ഫിലിപ്പ് നേരി പുണ്യവാളന്റെ വാക്കുകൾ നമ്മെയും ആശ്വസിപ്പിക്കട്ടെ: ''ചിലപ്പോൾ നമ്മുടെ ആത്മീയജീവിതത്തിനാവശ്യമായവ നിരാകരിച്ചുകൊണ്ട് ദൈവം നമ്മെ പരീക്ഷിച്ചേക്കം. അത് നമ്മുടെ സ്ഥിരതയെയും സ്നേഹത്തെയും അളക്കാനാവാം. എന്നാൽ, പ്രതീക്ഷ കൈവെടിയാതെ നാം ഉറച്ചു നിന്നാൽ ഇവയൊക്കെ സാധ്യമാകുന്ന അവസരത്തിൽ ലഭിക്കാമായിരുന്നതിനേക്കാൾ വലിയ കൃപകൾ കൊണ്ട് ദൈവം നമ്മെ നിറയ്ക്കും.''

സ്നേഹമുള്ളവരേ, സാമൂഹിക അകലവും അതീവജാഗ്രതയും പുലർത്തുന്ന ഈ ലോക്ക് ഡൗൺ നാളുകളിൽ ദൈവത്തോടും മനുഷ്യരോടും പ്രത്യേകിച്ച്, കുടുംബാംഗങ്ങളോടും ആത്മീയ അടുപ്പത്തോടെ ഈ പെസഹാ തിരുനാൾ നമുക്ക് ആചരിക്കാം. വീട്ടിലെ വിശുദ്ധ കുർബാനയാകുന്ന പെസഹാചരണം നമ്മുടെ വിശ്വാസത്തിന്റെയും ആരാധനാക്രമത്തിന്റെയും ആത്മാവ് അടുത്തറിയാൻ നമ്മെ സഹായിക്കട്ടെ.